**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5667** **16-03-2023 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്ത് പ്രവാസികൾക്ക് അനുവദിച്ച ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ച പ്രവാസി മലയാളികളുടെ എണ്ണം എത്രയാണെന്നും അവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം എത്രയാണെന്നും ആയത് എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നല്കാനുണ്ടെന്നും അറിയിക്കാമോ; | (എ) | ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പ്രകാരം വിദേശത്ത് വെച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് കോവിഡ് എക്സ്ഗ്രേഷ്യക്ക് അർഹതയില്ലാത്തതിനാൽ, വിദേശ രാജ്യങ്ങളിൽ വെച്ച് കോവിഡ് ബാധിച്ച് മരണമടഞ്ഞ മലയാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന് കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ്. എന്നാൽ, സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് മുഖാന്തിരം സാന്ത്വന പദ്ധതിയിലൂടെ അനുവദിക്കുന്ന ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധി വഴി അനുവദിക്കുന്ന അൻപതിനായിരം രൂപയും കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിനും നൽകി വരുന്നു. കൂടാതെ, കോവിഡ് മൂലം മരണമടഞ്ഞ പ്രവാസികളുടെയും, തിരിച്ചെത്തിയ പ്രവാസികളുടെയും അവിവാഹിതരായ പെൺമക്കൾക്ക് ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ 25000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം പ്രവാസി തണൽ പദ്ധതി വഴി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കോവിഡ് കാരണം 2020 മെയ് മുതൽ വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് എത്ര പേർ മടങ്ങിയെത്തിയിട്ടുണ്ടെന്നും അവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം എത്രയാണെന്നും ആയത് എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ; | (ബി) | കോവിഡ് ജാഗ്രത പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം, 2021 ആഗസ്റ്റ് മാസാവസാനം വരെ 17 ലക്ഷത്തിലധികം പ്രവാസി മലയാളികൾ നാട്ടിൽ മടങ്ങിയെത്തിയിട്ടുണ്ട് . എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം മെയ് 2020 - ആഗസ്ത് 2021 കാലയളവിൽ കേരളത്തിലെ 4 എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് യാത്ര ചെയ്തവർ 31,71,844 (മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിനാല്) ആണ്. തിരിച്ച് പോകാൻ |

| | | | |
|---|---|---|---|
| | | | ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ട് എന്ന് മേൽ കണക്ക് പ്രകാരം കരുതാവുന്നതാണ്.<br><br>കോവിഡ് -19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ വിദേശ രാജ്യങ്ങളിൽ നിന്നും സാധുവായ പാസ്പോർട്ട് / തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാതെയും ഈ കാലയളവിൽ വിസാ കാലാവധി അധികരിച്ചവരുമായ 1,34,823 പ്രവാസികൾക്ക് 5000/- രൂപ അടിയന്തര ധനസഹായമായി നൽകിയിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി NDPREM, പ്രവാസി ഭദ്രത എന്നീ പദ്ധതികൾ പ്രകാരം ലോണുകൾക്ക് ക്യാപിറ്റൽ സബ്സിഡി, പലിശ സബ്സിഡി എന്നിവ നൽകിവരുന്നുണ്ട് . |
| (സി) | കോവിഡ് വ്യാപനത്തെ തുടർന്നുള്ള ലോക്ഡൗണിൽ വിദേശത്തേയ്ക്ക് തിരിച്ച് പോകാൻ കഴിയാതെ തൊഴിൽ നഷ്ടപ്പെട്ടവർ എത്രയെന്നും അവർക്ക് എത്ര ധനസഹായമാണ് നൽകിയതെന്നും ആയത് എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ? | (സി) | കോവിഡ് ജാഗ്രത പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം, 2021 ആഗസ്റ്റ് മാസാവസാനം വരെ 17 ലക്ഷത്തിലധികം പ്രവാസി മലയാളികൾ നാട്ടിൽ മടങ്ങിയെത്തിയിട്ടുണ്ട് . എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം മെയ് 2020 - ആഗസ്ത് 2021 കാലയളവിൽ കേരളത്തിലെ 4 എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് യാത്ര ചെയ്തവർ 31,71,844 (മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിനാല്) ആണ്. തിരിച്ച് പോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ട് എന്ന് മേൽ കണക്ക് പ്രകാരം കരുതാവുന്നതാണ്.<br><br>കോവിഡ് -19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ വിദേശ രാജ്യങ്ങളിൽ നിന്നും സാധുവായ പാസ്പോർട്ട് / തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാതെയും ഈ കാലയളവിൽ വിസാ കാലാവധി അധികരിച്ചവരുമായ 1,34,823 പ്രവാസികൾക്ക് 5000/- രൂപ അടിയന്തര ധനസഹായമായി നൽകിയിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി NDPREM, പ്രവാസി ഭദ്രത എന്നീ പദ്ധതികൾ പ്രകാരം ലോണുകൾക്ക് ക്യാപിറ്റൽ സബ്സിഡി, പലിശ സബ്സിഡി എന്നിവ നൽകിവരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ